പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3304 — 14.03.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ആർദ്രം പദ്ധതിയുടെ ഭാഗമായി മിനിസ്റ്റീരിയൽ വിഭാഗത്തിന് പുതിയ തസ്തികകൾ

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിന് പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) | സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളെ തെരെഞ്ഞെടുത്ത് ഘട്ടം ഘട്ടമായി ഇവിടെ നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യങ്ങളും, ആവശ്യമായ തസ്തികകളും സൃഷ്ടിച്ച് നിലവാരം ഉയർത്തുക എന്നതാണ് ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്നത്. ആർദ്രം പദ്ധതി കേവലം തസ്തിക സൃഷ്ടിക്കലല്ല. രോഗചികിത്സയ്ക്കും പ്രതിരോധത്തിനും പുനരധിവാസത്തിനും പ്രാമുഖ്യം നൽകി കുടുംബ ഡോക്ടർ സങ്കൽപ്പത്തിലേക്കും സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വികേന്ദ്രീകൃതമായി ജില്ലാ, താലൂക്ക്, ജനറൽ ആശുപത്രികളിലേക്ക് സജ്ജമാക്കുന്നതിനാണ് മുൻഗണന നൽകുന്നത്. ആയതിനാൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഫാർമസി ഉൾപ്പടെ നഴ്സിംഗ് വിഭാഗം ജീവനക്കാരുടെയും സേവനം കൂടുതലായി പ്രദാനം ചെയ്യാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | മിനിസ്റ്റീരിയൽ സ്റ്റാഫിലെ സൂപ്പർവൈസറി തസ്തികകൾ സൃഷ്ടിക്കാത്തത് മൂലം ആർദ്രം പദ്ധതിനടത്തിപ്പ് ബുദ്ധിമുട്ടിലായത് പരിഗണിച്ച് മിനിസ്റ്റീരിയൽ വിഭാഗത്തിന് പുതിയ തസ്തികകൾ സൃഷ്ടിക്കുമോ എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ